# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1341 — 03.10.2016-ൽ മറുപടിക്ക്

## രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കു പോലീസ് കാവൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ. നെല്ലിക്കുന്ന്:** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കു മുന്നിൽ പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കാണ് പോലീസ് കാവൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല |
| (ബി) കാസർഗോഡ് നഗരത്തിൽ ചില രാഷ്ട്രീയ പാർട്ടികളുടെ ജില്ലാ ഓഫീസുകളുടെ മുന്നിൽ സ്ഥിരമായി കാണപ്പെടുന്ന പോലീസ് സാന്നിദ്ധ്യം രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്കു സർക്കാർ ഒരുക്കുന്ന കാവൽ സംവിധാനത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കാമോ ;<br>(സി) അല്ലെങ്കിൽ ഇപ്രകാരം പോലീസ് സാന്നിദ്ധ്യം കാണപ്പെടുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ? | (ബി) & (സി) കാസർഗോഡ് നഗരത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെയും ഓഫീസിന് പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടില്ല. ഇടയ്ക്കിടെ ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളുടെ ഭാഗമായി ഹൈവേകളിലും മറ്റു പ്രശ്നബാധിത പ്രദേശങ്ങളിലും സ്ഥിരം പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗതാഗതക്കുരുക്ക് കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഗതാഗത നിയന്ത്രണത്തിനായി സ്ഥിരം പോലീസ് സാന്നിധ്യം ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ